No. CEE/3600/2021/KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM-2021

## എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷ

## Qualifying Status of Marks പ്രസിദ്ധീകരിച്ചു

17.09.2021–ലെ വിജ്ഞാപന പ്രകാരം 2021–ലെ എഞ്ചിനീയറിംഗ്, ഫാർമസി (ബി.ഫാം) പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ സ്കോറുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2021 –ലെ എഞ്ചിനീയറിംഗ് ഫാർമസി പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ **Qualifying Status of Marks** (qualified/disqualified) പ്രസ്തുത വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. വിദ്യാർത്ഥികൾക്ക് അപേക്ഷാ നമ്പരും പാസ് വേഡും നൽകി ലോഗിൻ ചെയ്ത് പ്രൊഫൈൽ പേജിൽ അവരവരുടെ **Qualifying Status** കാണാവുന്നതാണ്. എഞ്ചിനീയറിംഗ്, ഫാർമസി റാങ്ക് ലിസ്റ്റുകളും കാറ്റഗറി ലിസ്റ്റുകളും ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (b) അനുസരിച്ചാണ് എഞ്ചിനീയറിംഗ് **Qualifying Status of Marks** തയ്യാറാക്കിയിരിക്കുന്നത്. പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (i) പ്രകാരം എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിന് ഒരു പരീക്ഷാർത്ഥി പ്രവേശന പരീക്ഷയുടെ രണ്ട് പേപ്പറുകളും (പേപ്പർ I ഉം പേപ്പർ II ഉം) എഴുതി ഓരോ പേപ്പറിലും കുറഞ്ഞത് 10 മാർക്ക് നേടിയിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ കുറഞ്ഞ മാർക്ക് നിബന്ധയില്ല.

പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (f) പ്രകാരം കണക്കാക്കിയ ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഫാർമസിയുടെ **Qualifying Status of Marks** തയ്യാറാക്കിയിരിക്കുന്നത്. ബി.ഫാം കോഴ്സ് പ്രവേശനത്തിന് യോഗ്യത നേടുന്നതിന് ഒരു പരീക്ഷാർത്ഥിയ്ക്ക് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ I ൽ ക്ലോസ് 9.7.4 (f) പ്രകാരം ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ കുറഞ്ഞത് 10 മാർക്ക് ലഭിച്ചിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പേപ്പർ I ന് കുറഞ്ഞ ഇൻഡക്സ് മാർക്ക് നിബന്ധയില്ല.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

തിരുവനന്തപുരം
04.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**